ഗ്രാമപഞ്ചായത്തുകളിലെ ശിശുമന്ദിരങ്ങളിലേയും, ലൈബ്രറികളിലെയും നിയമന രീതി

76 (3164)ശ്രീ. എം.വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ച ശിശുമന്ദിരങ്ങളിലേയും ലൈബ്രറികളിലേയും ജീവനക്കാരുടെ നിയമന രീതി എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ എത്ര കാലമായി സർവ്വീസിൽ തുടരുന്നു എന്നും ശമ്പള വ്യവസ്ഥ എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലികമായി സർവ്വീസിൽ തുടരുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ അനുകൂലമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിവതും പ്രാദേശികമായി പ്രീപ്രൈമറി അദ്ധ്യാപകപരിശീലനത്തിൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവരേയും, ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവരേയുമാണ് നിയമനത്തിന് പരിഗണിക്കുന്നത്. ഇവരുടെ അഭാവത്തിൽ മറ്റുള്ളവരേയും പരിഗണിക്കും. പഞ്ചായത്ത് ഉപസമിതിയാണ് ഇന്റർവ്യൂ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഓണറേറിയം വ്യവസ്ഥയിലാണ് നിയമനം. ഓരോ വർഷവും നിയമനകാലാവധി നീട്ടിക്കൊടുക്കുകയും ചെയ്യുന്നു.

(ബി) ഇവർ 1988 മുതൽ സർവ്വീസിൽ തുടരുന്നുണ്ട്. ടീച്ചർ, ലൈബ്രേറിയൻ എന്നിവർക്ക് 700/- രൂപ വീതവും, ആയയ്ക്ക് 460/- രൂപയും പ്രതിമാസ ഓണറേറിയമായി നൽകിവരുന്നു.

(സി) ലൈബ്രേറിയൻ - 418
ടീച്ചർ - 160
ആയ - 160

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly